വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മൂട്ടം - കായംകുളം റോഡ്, കെ. പി.റോഡ്, രണ്ടാം കുറ്റിപ്പാലം റോഡ് എന്നിവയുടെ പണികൾക്കുള്ള ടെന്റർ പരിഗണനയിലാണ്. കായംകുളം-കാർത്തികപ്പള്ളി റോഡിന്റെ 12 കിലോമീറ്റർ വരെയുള്ള ഭാഗത്തുള്ള പണികൾ കരാർ ഏർപ്പെടുത്തി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. കരീലക്കുളങ്ങര ബാക്ക് വാട്ടർ റോഡിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി പരിശോധനയിലാണ്. എരുവ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റിന്റെ ഭരണാനുമതിക്കുവേണ്ടി ഇപ്പോൾ ഫയൽ വന്നിട്ടുണ്ട്. കായംകുളത്തിനടുത്ത് സി.പി.സി.ആർ.ഐ.യ്ക്ക് മുൻപിലുള്ള പാലം സുരക്ഷിതവും സഞ്ചാര യോഗ്യവുമാണ്. ഇപ്പോൾ രണ്ടുവരി പാതയായി ബലപ്പെടുത്തിക്കൊണ്ടിരുന്ന ഹരിപ്പാട് - കൃഷ്ണപുരം റോഡിനെ നാലുവരി പാതയായി ഉയർത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരികയാണ്. ഇതിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ പാലത്തിന് വീതി കൂട്ടാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കായംകുളം സർക്കാർ ആശുപത്രിയുടെ 100 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണത്തിന് 1-1-1996-ൽ സൈറ്റ് കരാറുകാരന് ഹാന്റ്-ഓവർ ചെയ്തതാണ്. ഇതുവരെ ഈ പണിക്ക് 43 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇനിയും മെറ്റീരിയൽസ് ഉൾപ്പെടെ ഈ പണിക്ക് 10 ലക്ഷം രൂപകൂടി കൊടുക്കാനുണ്ട്. വർക്ക്സൈറ്റിൽ നിന്നും മെറ്റീരിയൽസ് നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വാർഡിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ സ്ട്രക്ച്ചർ ഏകദേശം പൂർത്തിയായിട്ടുണ്ട്.. എന്നാൽ 10/99-നുശേഷം റേറ്റ് വർദ്ധിപ്പിച്ച് കിട്ടണമെന്നാവശ്യപ്പെട്ട് കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്. ഈ കരാറുകാരനെ ഒഴിവാക്കി അയാളുടെ റിസ്കിൽ ബാക്കി പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(9) ആലപ്പുഴ നഗരത്തിലെ കണ്ണൻവർക്കി, വൈ.എം.സി.എ. പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് 'ഗുരുതരമായ ഭീഷണി ഉയർത്തിക്കൊണ്ട് രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായി കിടക്കുന്നു. ഒന്നര വർഷം മുൻപ് ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിട്ട വൈ. എം. സി. എ. പാലത്തിന്റെയും ഒരു വർഷം മുമ്പ് തറക്കല്ലിട്ട കണ്ണൻവർക്കി പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്ന സ്ഥിതിയാണുള്ളത്. ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്ന, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ആളുകൾ ഉപയോഗിക്കുന്ന പാലങ്ങളാണ് ഇവ. കരാറുകാർക്ക് കാശ് കിട്ടുന്നില്ലെന്നുപറഞ്ഞ് കരാറുകാർ പണി നിർത്തിവച്ചിട്ട് അഞ്ച് മാസത്തോളമായി. ഇപ്പോൾ ആലപ്പുഴ നഗരമാകെ ഗതാഗതക്കുരുക്കിലാണ്. ഈ കാര്യം നിരവധി പ്രാവശ്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മന്ത്രി ഒരു വർഷം കൊണ്ട് പാലങ്ങൾ തുറന്നുകൊടുക്കുമെന്ന് ഉറപ്പ് തന്നിരുന്നതാണ്. പക്ഷെ അത് നടന്നിട്ടില്ല. മെറ്റീരിയൽസിന്റെ കാശ് പോലും കൊടുക്കാൻ ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ലെന്നാണ് കരാറുകാർ പറയുന്നത്. അതുകൊണ്ട് ഈ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ആലപ്പുഴ നഗരത്തിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഓരോ പ്രദേശത്തിന്റേയും ആവശ്യാനുസരണം പുതിയ വർക്കുകൾ ഏറ്റെടുത്തിട്ടുണ്ട്. അതുപോലെ വർക്കുകൾ വളരെ വേഗതയിൽ പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിച്ചു. ആലപ്പുഴ പട്ടണത്തിൽ ഒരു ദിവസംതന്നെ അഞ്ചു പാലങ്ങൾ ഉത്ഘാടനം ചെയ്തു. ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ആലപ്പുഴ പട്ടണത്തിൽ ഇത്രയും വർക്കുകൾ നടന്നിട്ടുണ്ടോ ? 10 കോടി രൂപയുടെ വർക്കുകളാണ് ഇപ്പോൾ അവിടെ പൂർത്തിയായത്. അതിന്റെ മുഴുവൻ കണക്കുകളും എന്റെ കയ്യിലുണ്ട്. ഈ രണ്ട് പാലങ്ങളെയും സംബന്ധിച്ച് പറയുകയാണെങ്കിൽ, ചില കോൺട്രാക്ടർമാർ വർക്ക് മുഴുവൻ പൂർത്തിയാക്കിയിട്ട് ബില്ല് പാസ്സാക്കാൻ വേണ്ടി കാത്തിരിക്കും. ഈ കോൺട്രാക്ടർ പൈസ കിട്ടിയിട്ടേ കണ്ണൻവർക്കി പാലത്തിന്റേയും വൈ.എം.സി.എ. പാലത്തിന്റേയും വർക്കുകൾ തുടങ്ങുകയുള്ളൂ എന്നാണ് പറയുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഉത്തരവ് ഉണ്ട്. അതായത് തീയതി അനുസരിച്ചേ ബില്ലുകൾ പാസ്സാക്കി കൊടുക്കാവൂ എന്ന്. ഗവൺമെന്റിന് പ്രത്യേക പ്രയോറിറ്റി നിശ്ചയിച്ച് കൊടുക്കാൻ പറ്റുകയില്ല. അതുകൊണ്ട് ആ കോൺട്രാക്ടർ ആ പണികൾ തുടർന്നു നടത്താൻ വേണ്ടി..... പല പ്രദേശങ്ങളിലും നാട്ടുകാർ അവർക്ക് കുറച്ച് പൈസ അഡ്വാൻസ് കൊടുക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈയെടുത്ത് അങ്ങനെയുള്ള അറേഞ്ചു മെന്റിൽ പണി പൂർത്തിയാക്കിക്കണം ; അങ്ങനെ പണി പൂർത്തിയാക്കുന്നതിന് കൂട്ടായ ശ്രമം നടത്തണം.

(10) ദേശീയപാത 212, 213 എന്നിവയുടെ നിർമ്മാണം

ശ്രീ. സി. മൊയിൻകുട്ടി : സർ, മലബാറിന്റെ വികസനത്തിന് പ്രധാന പങ്കുവഹിക്കുന്നതാണ് നാഷണൽ ഹൈവേ 212-ഉം 213-ഉം. നാഷണൽ ഹൈവേ 17 കോഴിക്കോടുനിന്നും ആരംഭിച്ച് വയനാട്ടിലെ കല്പറ്റ, ബത്തേരി, കുണ്ടിൽപ്പെട്ട, നരസിപുരം, മൈസൂർ വഴി എത്തുന്നതാണ്. എൻ.എച്ച്. 212, എൻ എച്ച്. 213 ആകട്ടെ കോഴിക്കോടുനിന്നും തുടങ്ങി പെരിന്തൽമണ്ണ, മണ്ണാർക്കാട്, പാലക്കാട് വഴി എത്തുന്നതാണ്. ഈ രണ്ട് റോഡുകളും പൂർത്തിയാകുമ്പോൾ കോഴിക്കോടു നിന്ന് ആരംഭിച്ച് മൈസൂർ, കൊള്ളേഗാൽ, കോയമ്പത്തൂർ, പാലക്കാട് വഴി കോഴിക്കോട് തന്നെ മടങ്ങിയെത്താവുന്ന സംസ്ഥാനാന്തര സർക്കുലർ റോഡായി ഇത് മാറുന്നതാണ്. നിലവിലുള്ള ഈ രണ്ട് റോഡുകളും കേന്ദ്രം ഏറ്റെടുക്കുന്നതോടുകൂടി സംസ്ഥാനത്തിന് നല്ലൊരു സംഖ്യ മിച്ചമായി ലഭിക്കുന്നതാണ്. പക്ഷേ നിർഭാഗ്യം എന്നു പറയട്ടെ, സംസ്ഥാന പി.ഡബ്ല്യു.ഡി. ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗതയും അനങ്ങാപ്പാറ നയവുമാണ് സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly